ഉത്തരം

(എ) കേരളത്തിൽ പ്രധാനമായും പത്തനംതിട്ട, വയനാട് ജില്ലകളിലാണ് കോലിഞ്ചി കൃഷി ചെയ്യുന്നത്.

(ബി) ഇക്കാര്യത്തിലുള്ള സ്ഥിതി വിവരക്കണക്കുകൾ ലഭ്യമല്ല.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) പഴം, പച്ചക്കറികളുടെ വികസനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് വി.എഫ്.പി.സി.കെ. കോലിഞ്ചി, പഴം പച്ചക്കറികളുടെ നിർവ്വചനത്തിൽ ഉൾപ്പെടാത്തതിനാലും ഒരു ഔഷധ സസ്യമായി കണക്കാക്കുന്നതിനാലുമാണ് വി.എഫ്.പി.സി.കെ. യുടെ സഹായം കോലിഞ്ചി കൃഷിക്കാർക്ക് ലഭിക്കാത്തത്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും ദേശീയ ഔഷധ സസ്യ മിഷനും ആവശ്യപ്പെട്ടത് പ്രകാരം കോലിഞ്ചി എന്ന പേരിൽ അറിയപ്പെടുന്ന അൽപീനിയ ഗലങ്ക (അരണ), അൽപീനിയ കൽകരേറ്റ (ചിറ്റരത്ത) എന്നീ വിളകളെ അംഗീകൃത പട്ടികയിൽ ഉൾപ്പെടുത്തുവാൻ ദേശീയ ഔഷധ സസ്യബോർഡ് അനുവാദം നൽകിയിട്ടുണ്ട്. ഈ വിളകളുടെ കൃഷി പ്രോത്സാഹനം തുടങ്ങിയ കാര്യങ്ങളിൽ ദേശീയ ഔഷധ സസ്യ ബോർഡിന്റെ തീരുമാനം ഇതുവരെ അറിവായിട്ടില്ല.

**കരയാമ്പു കൃഷി**

212 (5631) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ കരയാമ്പു കൃഷി വ്യാപകമാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശീയ ഹോർട്ടികൾച്ചർ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 2010-11 സാമ്പത്തിക വർഷത്തിൽ കരയാമ്പു കൃഷിവ്യാപനത്തിന് ഹെക്ടറൊന്നിന് 20,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly